**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *99

**05/03/2020 ൽ മറുപടിക്ക്**

**ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി**

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**ശ്രീ. മുല്ലക്കര രത്നാകരൻ**
**ശ്രീമതി. ഗീതാ ഗോപി**
**ശ്രീ. എൽദോ എബ്രഹാം**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒരു വ്യക്തിക്ക് സംസ്ഥാനത്ത് എവിടെ ഭൂമിയുണ്ടെങ്കിലും അത് കണ്ടെത്താനാകുന്ന വിധത്തിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12/02/2020 ലെ സ.ഉ (സാധാ) നം. 552/2020/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) | ഇത്തരത്തിൽ ഒറ്റത്തണ്ടപ്പേർ തയ്യാറാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സ.ഉ (സാധാ) നം. 552/2020/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനും ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യൂണീക് തണ്ടപ്പേർ പദ്ധതി സഹായിക്കുമോ; വ്യക്തമാക്കുമോ; | (സി) | ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട സേവനം നൽകുന്നതിനും ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യൂണിക് തണ്ടപ്പേർ പദ്ധതി സഹായകമാകുന്നതാണ്. അതുവഴി ഒരു ഭൂഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ വിവരം ലഭിക്കുന്നത് വളരെയേറെ പ്രയോജനപ്രദമാണ്. |
| (ഡി) | യുണീക് തണ്ടപ്പേർ നിലവിൽ വരുന്നതോടുകൂടി വ്യാജരേഖ ചമച്ച് മറ്റൊരാളുടെ ഭൂമി തട്ടിയെടുക്കുന്ന പ്രവണത അവസാനിക്കുമോ; | (ഡി) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഭൂമി സംബന്ധമായ ക്രയവിക്രയങ്ങൾ സുഗമവും സുതാര്യവുമായി നടത്തുവാൻ സാധിക്കുകയും ഭൂമി സംബന്ധമായ ക്രമക്കേടുകൾ ഒഴിവാക്കാനാവുന്നതുമാണ്. |
| (ഇ) | ഇതിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ് വെയർ അപ് ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ